# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1585** **13.07.2011 ൽ മറുപടിക്ക്**

## സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട തസ്തികകളിലെ ഒഴിവുകളുടെ എണ്ണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കപ്പെട്ട തസ്തികകൾ ഓരോന്നിലും ഇപ്പോൾ എത്ര വീതം ഒഴിവുകൾ ഉണ്ട്; | (എ) | സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി - 48, ജൂനിയർ സൂപ്രണ്ട്-20, ഹെഡ്ക്ലാർക്ക്/അക്കൗണ്ടന്റ് - 16, യു.ഡി.ക്ലാർക്ക്-60,എൽ.ഡി.ക്ലാർക്ക് തുടങ്ങിയ ബാക്കി ഒഴിവ് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) ഇതിൽ എത്ര ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക്/അക്കൗണ്ടന്റ്, യു.ഡി. ക്ലാർക്ക് എന്നീ തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്നതും എൽ.ഡി.ക്ലാർക്ക് തുടങ്ങിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് വിവരം ശേഖരിച്ച് നൽകുന്നതുമാണ്. |
| (സി) പഞ്ചായത്തുകളിലെ എൽ.എസ്.ജി.ഡി വിഭാഗം എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ തസ്തികകളിൽ എത്ര വീതം ഒഴിവുകളുണ്ട്; | (സി) | 1. അസിസ്റ്റന്റ് എഞ്ചിനീയർ - 272<br>2. ഒന്നാം ഗ്രേഡ് ഓവർസിയർ - 56<br>3. രണ്ടാം ഗ്രേഡ് ഓവർസിയർ - 153<br>4. മൂന്നാം ഗ്രേഡ് ഓവർസിയർ - 264 |
| (ഡി) എം.എൽ.എ മാരുടെ പ്രാദേശിക വികസന പരിപാടികളും നടപ്പിലാക്കുന്ന പ്രസ്തുത ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പി.എസ്.സി മുഖാന്തിരം നികത്തേണ്ട ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽ നിന്ന് പുനർവിന്യാസം മുഖേന നികത്തേണ്ടവയാണ്. |

സെക്ഷൻ ഓഫീസർ